**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **18.08.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 2909**

**അക്ഷര സാഗരം പദ്ധതി**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. കെ.വി.അബ്ദുൾ ഖാദർ**<br>" **കെ. ആൻസലൻ**<br>" **എൻ. വിജയൻ പിള്ള**<br>" **എ. പ്രദീപ്കുമാർ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ തീരദേശമേഖലയിലെ സാക്ഷരതാ നിരക്ക് ഉയർത്തുന്നതിനായി അക്ഷര സാഗരം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തീരപ്രദേശങ്ങളിലെ സാക്ഷരത ലക്ഷ്യമിട്ട് അക്ഷരസാഗരം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. തീരപ്രദേശങ്ങളിലെ സാക്ഷരതാ നിലവാരം ഉയർത്തുന്നതിനു വേണ്ടി ഫിഷറീസ് വകുപ്പ് സംസ്ഥാന സാക്ഷരതാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് 'അക്ഷരസാഗരം'.<br><br>തീരദേശ സാക്ഷരതാ നിലവാരം ഉയർത്തുക, നാല്, ഏഴ്, പത്ത് തുല്യതാ പരിപാടികൾ ശക്തിപ്പെടുത്തുക, തീരദേശത്ത് തുടർ വിദ്യാഭ്യാസത്തിനനുകൂലമായ സാഹചര്യം ഉണ്ടാക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുക, മത്സ്യസമ്പത്ത്/ തീരപ്രദേശ സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, സ്ത്രീ ശാക്തീകരണം സാധ്യമാക്കുക, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ശുചിത്വം/ ആരോഗ്യം / പരിസ്ഥിതി രംഗത്ത് പുത്തൻ അവബോധം ഉണ്ടാക്കുക, തീരദേശത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുക, കേരള ഗവൺമെന്റ് നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ സേവനങ്ങൾ സാധാരണ ജനങ്ങളിൽ എത്തുന്നതിന് അനുകൂലമായ സാഹചര്യം ഒരുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| (ബി) | ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2016-17 വർഷത്തിൽ അക്ഷരസാഗരം' ഒന്നാം ഘട്ടം എന്ന നിലയിൽ സംസ്ഥാനത്ത് തീരദേശ സാക്ഷരതാ നിരക്കിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കി. 2017-18 വർഷത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ നടപ്പാക്കുന്നതിന് അംഗീകാരം ലഭിക്കുകയും സംസ്ഥാന സാക്ഷരതാ മിഷൻ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 2017-18 വർഷം 30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് പ്രയോജനം ലഭിക്കുന്നതിനായി കരിയർ ഗൈഡൻസ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് പ്രയോജനം ലഭിക്കുന്നതിനായി കരിയർ ഗൈഡൻസ് ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ 40 കരിയർ ഗൈഡൻസ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം 12,00,000/- രൂപ ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ